മിസ്റ്റർ കെ. കൊച്ചുകുട്ടൻ: ഫ ഫ വ ഠ-ൽ ആരെങ്കിലും അപേക്ഷിച്ചിട്ടുണ്ടോ?

മിസ്റ്റർ ബി. വി. കെ. മേനോൻ: നോട്ടീസ്സ് വേണം.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: കഴിഞ്ഞ മേടം, എടവം, മിഥുനം എന്നീമാസങ്ങളിൽ ഓവർ ലോഡിന്നു് ബസ്സു് ചാർജ്ജു് ചെയ്തിട്ടുണ്ടെന്നു് പറയുന്നുണ്ടു്. എന്നാൽ അങ്ങിനെ എത്ര കെസ്സുകളിൽ ചാർജ്ജു് ചെയ്തിട്ടുണ്ടു്.

മസ്റ്റർ ബി. വി. കെ. മേനോൻ: നോട്ടിസ്സ് വേണം.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: ബസ്സുകളിൽ കൺടാക്ടർമാർ എന്നു പറയുന്നതാരാണു്?

മിസ്റ്റർ ബി. വി. കെ. മേനോൻ: കൺടാക്ടരല്ല; കണ്ടക്ടരാണു്.

മിസ്റ്റർ പി. കെ. ഡീവർ: ഈ മട്ടാഞ്ചേരി, എറണാകുളം, ലൈനിലുള്ള ഡ്രൈവർമാക്കും, കണ്ടക്ടർമാക്കും മറ്റു ലൈനിലുള്ളതിനെക്കാൾ കൂടുതൽ ശമ്പളമുണ്ടെന്നാണോ ഗവണ്മെണ്ടു് പറയുന്നതു് ?

മിസ്റ്റർ ബി. വി. കെ. മേനോൻ: അതു് കൃത്യമായിട്ടു് പറയുവാൻ നിവൃത്തിയില്ല.

മിസ്റ്റർ പി. കെ. ഡീവർ: ഈ ലൈനിൽ ഡ്രൈവർമാക്കും, കണ്ടക്ടർമാക്കും അധിക ശമ്പളം കൊടുക്കുന്നതാണു് ചാർജ്ജുകൂട്ടാനുള്ള ഒരു കാരണമെന്നു പറഞ്ഞിട്ടുണ്ടു്. ഇതു് ശരിയാണൊയെന്നു് ഗവണ്മെണ്ടു് അന്വേഷിക്കാമോ ?

മിസ്റ്റർ ബി. വി. കെ. മേനോൻ: അന്വേഷിക്കാം.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: ഈ ലൈനിൽ Wear and tear കൂടുതൽ കൂടുവല്ലേ ?

മിസ്റ്റർ ബി. വി. കെ. മേനോൻ: ടാർ ഇട്ട റോഡിൽക്കൂടി പോകുന്നേടത്തോളം കുറവാണു്.

മിസ്റ്റർ പി. ശങ്കരമേനോൻ: കരി ഉപയോഗിക്കുന്ന ബസ്സുകൾ, ഇപ്പോഴും ഓടുന്നുണ്ടോ ?

മിസ്റ്റർ ബി. വി. കെ. മേനോൻ: ഉവ്വു്.

മിസ്റ്റർ സീ. ആർ. ഇയ്യണ്ണി: ഈ ലൈനിൽ മുനിസിപ്പാൽ ടോൾ രണ്ടു സ്ഥലത്തുകൊടുക്കണമെന്നുണ്ടോ ?

മിസ്റ്റർ ബി. വി. കെ. മേനോൻ: വേണം.

മിസ്റ്റർ പി. മാണി: ഈ ലൈനിൽ ഏറ്റവും ചുരുങ്ങിയ ചാർജ്ജു് എന്താണു്?

മിസ്റ്റർ ബി. വി. കെ. മേനോൻ: ഒണ.യാണു്.

മിസ്റ്റർ പി. മാണി: തൃപ്പൂണിത്തുറ മുതലായ ലൈനുകളിൽ ഓടുന്ന ബസ്സുകൾക്കു് ഏറ്റവും കുറഞ്ഞ ചാർജ്ജു് എത്രയാണെന്നറിയാമൊ ?

മിസ്റ്റർ ബി. വി. കെ. മേനോൻ: നിശ്ചയമില്ല.

മിസ്റ്റർ പി. മാണി: എന്തുകൊണ്ടാണു്, മറ്റു ലൈനുകളിൽ അങ്ങിനെ ചെയ്യാത്തതു് ?

മിസ്റ്റർ ബി. വി. കെ. മേനോൻ: അതിനെപ്പറ്റി പ്രത്യേകം ഒരു ചോദ്യമയച്ചാൽ മറുപടി പറയാം.

TODDY SHOP—KOZHINJAMPARA

225. മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെണ്ടു് ദയവായി മറുപടി പറയുമോ.—

(എ) കൊഴിഞ്ഞാമ്പാറയിലെ കള്ളുഷാപ്പു് നഗരമദ്ധ്യത്തിൽനിന്നു നീക്കേണമെന്നു ആവശ്യപ്പെട്ടുകൊണ്ടു് പൊതുജന ഉഴിയർ സംഘത്തിൽനിന്നും ഫൻ ൪൪ ഒക്ടോബർ ൨൩-൦൩ ഒരു ഹർജി അധികൃതന്മാർക്കു ലഭിക്കുകയുണ്ടായോ;

(ബി) ഉവ്വെങ്കിൽ അതിനെന്തു മറുപടിയാണു് അയച്ചതു്;

(സി) അതിനെത്തുടർന്നു് എടുത്ത നടപടിയെന്തു് ?

LIBRARY ARCHIVES Kerala Legislative Assembly

റാവുസാഹിബ് സി. ജെ. മാത്യു:

(എ) ഉവ്വ്.

(ബി) & (സി) ടി ഹർജിയെപ്പറ്റി സക്കിൾ ഇൻസ്പെക്ടരും സബ് ഇൻസ്പെക്ടരും നേരിട്ട് അന്വേഷണം നടത്തുകയും ടി ഷാപ്പ് ഇപ്പോൾ ഇരിക്കുന്ന സ്ഥലം യാതൊരുവിധത്തിലും ആക്ഷേപാർഹമല്ലെന്നും ടി ഷാപ്പ് കഴിഞ്ഞ പലവർഷങ്ങളായി അവിടെത്തന്നെയാണ് സ്ഥിതി ചെയ്തിട്ടുള്ളതെന്നും അതുകൊണ്ട് യാതൊരു നടപടിയും നടത്തേണ്ടതില്ലെന്നും റിപ്പോർട്ട് ചെയ്യുകയും ചെയ്തിരിക്കുന്നു. ഹർജി റിക്കാട്ടാക്കുകയും ഹർജിക്കാരനെ വിവരം ധരിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: ഈ ഷാപ്പ് നഗരമദ്ധ്യത്തിൽതന്നെയാണോ സ്ഥിതിചെയ്യുന്നത്?

റാവുസാഹിബ് സി. ജെ. മാത്യു: അല്ല. It is not so.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: ഇത് റോഡിൽനിന്ന് എത്രവാര അകലമുണ്ട്?

റാവുസാഹിബ് സി. ജെ. മാത്യു: ൪൦ വാര അകലമുണ്ട്.

മിസ്റ്റർ പി. ശങ്കരമേനോൻ: സാധാരണ കള്ളുഷാപ്പുകൾ നഗരത്തിനകത്തു പാടില്ലെന്ന് നിയമമില്ലേ?

റാവുസാഹിബ് സി. ജെ. മാത്യു ഇല്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: സാധാരണ റോഡിൽനിന്ന് എത്ര അകലം വേണമെന്നാണ് നിശ്ചയം?

റാവുസാഹിബ് സി. ജെ. മാത്യു: ൪൦ വാര അകലമായിരിക്കണമെന്നാണ് നിശ്ചയം.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: അത് ൪൦ വാര അകലത്തിലല്ലാ സ്ഥിതി ചെയ്യുന്നതെന്ന് ഗവൺമെണ്ടിനറിയാമോ?

റാവുസാഹിബ് സി. ജെ. മാത്യു: ൧൦ കൊല്ലമായിട്ട് ഈ കള്ളുഷാപ്പ് അവിടെത്തന്നെയാണ് സ്ഥിതിചെയ്യുന്നത്.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: അത് ഇപ്പോൾ അവിടെനിന്ന് മാറ്റി സ്ഥാപിക്കാത്തതിൽ ജനങ്ങൾക്ക് ആക്ഷേപമുണ്ടെന്നുള്ള കാര്യത്തെക്കുറിച്ച് അറിയാമോ?

റാവുസാഹിബ് സി. ജെ. മാത്യു: അതിനെപ്പറ്റി ആലോചിക്കാം.

VILLAGE PASTURE LANDS

226. Mr. Paramel Ipe Ipe *(Kunnamkulam)*: Will Government be pleased to state.—

(*a*) whether any village pasture lands have been opened;

(*b*) if so, where and when;

(*c*) if not, what have been done so far for working up that scheme;

(*d*) whether any amount has been set apart in the last budget for the above purpose;

(*e*) if so, what amount and how much has been spent out of it?

Rao Sahib A. Madhava Prabhu *(Diwan Peishkar)*:

(*a*) No.

(*b*) Does not arise in view of the answer to sub-division (*a*).

(*c*) It is proposed to constitute grazing grounds in group of villages, each group being taken up one by one. The present scheme is to tackle the group of villages Varandrappalli. Kallur, Thrikkur and Amballur of the Mukundapuram Taluk. A major portion of the poramboke areas in the villages has been leased under the Food Production Scheme and the work will be started as soon as the term of the lease expires by the end of Meenam 1122.

(*d*) No.

(*e*) Does not arise.

Mr. Paramel Ipe Ipe *(Kunnamkulam)*: When did the idea of starting pasture lands in villages germinate?

Rao Sahib A. Madhava Prabhu *(Diwan Peishkar)*: At the beginning of this year.

Mr. Paramel Ipe Ipe *(Kunnamkulam)*: At that time was it the idea to start pasture lands for groups of villages or for separate villages?

LIBRARY ARCHIVES Kerala Legislative Assembly